"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - ബഹു. മുഖ്യമന്ത്രിയുടെ സുരക്ഷാ ഡ്യൂട്ടിക്ക് ഉപയോഗിക്കുന്ന വാഹനമായ KL 01 CV 6683, KIA Carnival അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3294/2024/HOME തീയതി,തിരുവനന്തപുരം, 08-11-2024

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 08.11.2024 തീയതിയിലെ ആർ4-207027/2024/പി.എച്ച്.ക്യു നമ്പർ കത്ത്.

**ഉത്തരവ്**

ബഹു. മുഖ്യമന്ത്രിയുടെ സുരക്ഷാ ഡ്യൂട്ടിക്ക് ഉപയോഗിക്കുന്ന വാഹനമായ KL 01 CV 6683, KIA Carnival അപകടത്തെത്തുടർന്ന് അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി ആകെ 1,15,262/- രൂപ ചെലവ് വരുമെന്നും ആയതിൽ ഇൻഷ്വറൻസ് ക്ലെയിമായി ലഭിക്കുന്ന തുകയായ 69,909/- രൂപ കിഴിച്ച് ശേഷിക്കുന്ന തുകയായ 45,353/- രൂപ 2055-00-101-98-00-21-02-NV എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശിത കത്തു പ്രകാരം സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ, ബഹു.മുഖ്യമന്ത്രിയുടെ സുരക്ഷാ ഡ്യൂട്ടിക്ക് ഉപയോഗിക്കുന്ന വാഹനമായ KL 01 CV 6683, KIA Carnival അപകടത്തെത്തുടർന്നുള്ള അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി ആകെ 1,15,262/- രൂപയ്ക്ക് (ഒരു ലക്ഷത്തി പതിനയ്യായിരത്തി ഇരുന്നൂറ്റി അറുപത്തിരണ്ട് രൂപ മാത്രം) ഭരണാനുമതി നൽകിക്കൊണ്ടും ആയതിൽ ഇൻഷ്വറൻസ് ക്ലെയിം തുകയായ 69,909/- രൂപ കിഴിച്ചുള്ള 45,353/- രൂപ (നാൽപ്പത്തിഅയ്യായിരത്തി മുന്നൂറ്റി അമ്പത്തി മൂന്ന് രൂപ മാത്രം) 2055-00-101-98-00-21-02-NV എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് നിലവിലെ ചട്ടങ്ങൾക്കും, നടപടി ക്രമങ്ങൾക്കും വിധേയമായി അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRASEETHA K C
ജോയിന്റ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം. (അപേക്ഷയോടൊപ്പം ലഭ്യമാക്കിയ എല്ലാ രേഖകളും സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (08.11.2024 ലെ വ്യയം-എ3/84/2024 (ഇ-2691678) പ്രകാരം)

ഡയറക്ടർ, ഐ&പിആർഡി (വെബ് & ന്യൂ മീഡിയ).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Jalaja Kumari M S

സെക്ഷൻ ഓഫീസർ

Date: 08-11-2024 18:06:15